# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1399** **07.06.2018 -ൽ മറുപടിക്ക്**

## സ്കൂൾ പാചകത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതി

**ചോദ്യം** **ഉത്തരം**

**ശ്രീ.റോജി എം.ജോൺ** പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സ്കൂളുകളിലെ ഉച്ചഭക്ഷണം പരിപാടി സംബന്ധിച്ച് വിദ്യാഭ്യാസവകുപ്പ് എന്തെങ്കിലും പുതിയ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) സ്കൂൾ ഉച്ചഭക്ഷണ മെനുവിൽ നിന്ന് രസം, അച്ചാർ തുടങ്ങിയവ കർശനമായി ഒഴിവാക്കിയിട്ടുണ്ട്. ചോറിനോടൊപ്പം ഒരു കറിയും രണ്ടു വിഭവങ്ങളും നിർബന്ധമാക്കിയിട്ടുണ്ട്. സ്കൂൾ നൂൺഫീഡിംഗ് കമ്മിറ്റിയിൽ പാചകതൊഴിലാളിയേയും, വിദ്യാർത്ഥി പ്രതിനിധിയേയും, എയ്ഡഡ് സ്കൂൾ ആണെങ്കിൽ മാനേജരേയോ, മാനേജരുടെ പ്രതിനിധിയെയോകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളിലെ ഉച്ചഭക്ഷണത്തിനോടനുബന്ധിച്ച പാൽ വിതരണത്തിനായി പാൽ സൊസൈറ്റികൾക്ക് പ്രാധാന്യം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) സ്കൂൾ പാചകത്തൊഴിലാളികളുടെ ആരോഗ്യസ്ഥിതി കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും അവർ യാതൊരുവിധ രോഗങ്ങളും ഇല്ലാത്തവരുമാണെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ? | ബി) സ്കൂൾ തുറക്കുന്ന ദിവസം തന്നെ ഹെൽത്ത് കാർഡ് ഹാജരാക്കുവാൻ പാചകതൊഴിലാളികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.ഓരോ ആറുമാസം കൂടുമ്പോഴും ഹെൽത്ത് കാർഡ് ഹാജരാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ